**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 197** **15-10-2024 - ൽ മറുപടിയ്ക്ക്**

**കാസ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ. ബി. സതീഷ്,<br>ഡോ. കെ. ടി. ജലീൽ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. എച്ച്. സലാം** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ വന്നതിനുശേഷം സാമൂഹ്യ സുരക്ഷാമേഖലയിൽ എന്തു തുക അനുവദിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം "സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും" എന്ന ധനാഭ്യർത്ഥനയ്ക്ക് കീഴിൽ ഉപധനാഭ്യർത്ഥന ഉൾപ്പെടെ ബജറ്റിൽ അനുവദിച്ച തുക സംബന്ധിച്ച കണക്കുകൾ ചുവടെ ചേർക്കുന്നു.<br>(തുക കോടിയിൽ)<br>വർഷം — ബജറ്റിൽ വകയിരുത്തിയ തുക (ഉപധനാഭ്യർത്ഥന ഉൾപ്പെടെ)<br>2021-22 — 10911.69<br>2022-23 — 15282.50<br>2023-24 — 12442.88<br>2024-25 — 13157.52 |
| (ബി) | പൊതുജനങ്ങളുടെ ആരോഗ്യ സുരക്ഷ ലക്ഷ്യമിട്ട് നടപ്പാക്കുന്ന കാസ്പ് പദ്ധതിക്കായി ഈ സാമ്പത്തിക വർഷം അനുവദിച്ച തുക എത്രയാണെന്ന് വിശദമാക്കുമോ; | (ബി) | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയ്ക്കുള്ള (കാസ്പ്) സംസ്ഥാന സർക്കാർ വിഹിതമായി നടപ്പ് സാമ്പത്തിക വർഷം ഇതുവരെ 678.54 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) | കാസ്പ് പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം, പ്രീമിയം തുക, സർക്കാർ പ്രീമിയം അടയ്ക്കുന്ന കുടുംബങ്ങളുടെ എണ്ണം എന്നിവ തരംതിരിച്ച് വ്യക്തമാക്കുമോ; | (സി) | കാസ്പ് പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം ചുവടെ നൽകിയിരിക്കുന്നു.<br>• ആയുഷ്മാൻ ഭാരത്- പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജന(പി.എം.ജെ.വൈ)/ കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി (AB-PMJAY-KASP ) പ്രകാരം എൻറോൾ ചെയ്ത ഗുണഭോക്താക്കളുടെ എണ്ണം- 72,29,495. |

| | | | |
|---|---|---|---|
| | | | • AB-PMJAY-KASP പ്രകാരം എൻ റോൾ ചെയ്ത കുടുംബങ്ങളുടെ എണ്ണം- 41,99,233<br>• കേന്ദ്ര സഹായമുള്ള കുടുംബങ്ങൾ- 23,97,610<br>• സംസ്ഥാന സഹായമുള്ള കുടുംബങ്ങൾ- 18,01,623<br><br>പ്രസ്തുത പദ്ധതി അഷ്വറൻസ് മോഡിൽ സംസ്ഥാനത്തു നടപ്പിലാക്കി വരുന്നതിനാൽ ആശുപത്രികളിൽ പ്രവേശിക്കുന്ന ഗുണഭോക്താക്കളുടെ ചികിത്സ തുക സംസ്ഥാന സർക്കാർ സ്റ്റേറ്റ് ഏജൻസി വഴി നേരിട്ട് തീർപ്പാക്കുന്നു. പ്രസ്തുത പദ്ധതി നടത്തിപ്പിനായി ഇൻഷ്വറൻസ് സേവന ദാതാവിനെ ചുമതലപ്പെടുത്തിയിട്ടില്ല. |
| (ഡി) | കാരുണ്യ ആരോഗ്യ സുരക്ഷാ പരിധിയിൽ ഉൾപ്പെടാത്തതും വരുമാനം മൂന്ന് ലക്ഷത്തിൽ താഴെയുള്ളതുമായ കുടുംബങ്ങൾക്ക് ആരോഗ്യ പരിരക്ഷയ്ക്കായി മറ്റേതെങ്കിലും സ്കീം നിലവിലുണ്ടോ; വിശദമാക്കുമോ? | (ഡി) | കാരുണ്യ ആരോഗ്യ ബെനവലന്റ് ഫണ്ട്- സംസ്ഥാനത്ത് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുബങ്ങളിലെ അംഗങ്ങളായ നിശ്ചിത രോഗികൾക്ക് ശസ്ത്രക്രിയ ഉൾപ്പെടെയുള്ള ചികിത്സാ ധനസഹായം ലഭ്യമാക്കുന്നതിന് 2011-12 സാമ്പത്തിക വർഷം മുതൽ നിലവിൽ വന്ന കാരുണ്യ ആരോഗ്യ ബെനവലന്റ് ഫണ്ട് ഉണ്ട്. 2 ലക്ഷം രൂപയാണ് ഈ പദ്ധതി മുഖേന നൽകിവരുന്ന ചികിത്സാ ആനുകൂല്യം. കൂടാതെ വൃക്ക സംബന്ധമായ രോഗങ്ങൾക്ക് ഒരു ലക്ഷം രൂപ വരെ അധിക ചികിത്സാ ആനുകൂല്യവും നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ